**പതിനാലാം കേരള നിയമസഭ**

**<u>പതിനാലാം സമ്മേളനം</u>**

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 173** — **06.02.2019 ൽ മറുപടിയ്ക്ക്**

**<u>ഐ.റ്റി. നയത്തിലുള്ള മാറ്റം</u>**

| | ചോദ്യം<br>**ശ്രീ. വി.ടി.ബൽറാം** | | മറുപടി<br>**പിണറായി വിജയൻ**<br>**( മുഖ്യമന്ത്രി )** |
|---|---|---|---|
| (എ) | സർക്കാരിന്റെ നയരൂപീകരണത്തിലും പ്രവർത്തനങ്ങളിലും സ്വതന്ത്ര ഓപ്പൺ സോഴ്സ് സോഫ്റ്റ് വെയറുകളുടെ പങ്ക് നിർണ്ണായകമാണെന്ന് ഐ.റ്റി നയത്തിൽ വ്യക്തമാക്കിയിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | സ്വതന്ത്ര സോഫ്റ്റ് വെയറുകൾ നിർബന്ധമാക്കുന്നതിനുള്ള ഐ.റ്റി. നയത്തിലെ പ്രഖ്യാപനങ്ങൾക്ക് കടകവിരുദ്ധമായി സർക്കാർ സ്ഥാപനങ്ങളിൽ കുത്തക കമ്പനികളുടെ സോഫ്റ്റ് വെയറുകൾ വാങ്ങുന്നതിന് അനുമതി നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിനുള്ള പ്രത്യേക സാഹചര്യമെന്തായിരുന്നു; വിശദമാക്കുമോ; | (ബി) യും<br>(സി) യും | സ്വതന്ത്ര സോഫ്റ്റ് വെയറുകൾ പ്രോത്സാഹിപ്പിക്കുന്ന നയത്തിൽ സർക്കാർ മാറ്റം വരുത്തിയിട്ടില്ല. എന്നാൽ ചില സർക്കാർ പദ്ധതികളുമായി ബന്ധപ്പെട്ട് വികസിപ്പിച്ച ആപ്ലിക്കേഷനുകൾ പ്രവർത്തിക്കുന്നതിനും, ഇ-പ്രൊക്യൂർമെന്റ് (e-Procurement), ആർക്ക് ജിസ് (Arcgis), ആട്ടോകാഡ് (AUTOCAD), മാറ്റ് ലാബ് (MATLAB), ഫോട്ടോഷോപ്പ് (PHOTOSHOP), ലൈറ്റ് റൂം (Light Room) തുടങ്ങിയ ചില ആപ്ലിക്കേഷനുകൾ പ്രവർത്തിക്കുന്നതിനും വിൻഡോസ് ഓപ്പറേറ്റിംഗ് സിസ്റ്റം അനിവാര്യമായതിനാൽ ഇക്കാര്യം സർക്കാരിനെ ബോധ്യപ്പെടുത്തിയ കേസുകളിൽ മാത്രം വിൻഡോസ് ഓപ്പറേറ്റിംഗ് സിസ്റ്റം വാങ്ങുന്നതിന് അനുമതി നൽകുന്നുണ്ട്.<br>കൂടാതെ മേൽ സൂചിപ്പിച്ച ആപ്ലിക്കേഷനുകൾ ഉപയോഗിക്കുന്നതിനായി പഴയ വിൻഡോസ് വേർഷനുകൾ (Windows XP, Windows 7, Windows 8 etc.) ഉപയോഗിച്ച് വരുന്ന പല വകുപ്പുകളും വിൻഡോസിന്റെ ഏറ്റവും പുതിയ വേർഷനായ വിൻഡോസ് 10 (Windows 10) - ലേയ്ക്ക് മാറുന്നതിനുള്ള സന്നദ്ധത പ്രകടിപ്പിക്കുകയും, ഇതിനായി 14/08/2018-ൽ കൂടിയ, ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ Hi-Power Committee യുടെ തീരുമാനത്തിന്റെയടിസ്ഥാനത്തിൽ, മൈക്രോ സോഫ്റ്റ് വിൻഡോസിന്റെ ഏറ്റവും പുതിയ പതിപ്പായ വിൻഡോസ് 10 — ന്റെ ഒറിജിനൽ ലൈസൻസ് കുറഞ്ഞ നിരക്കിൽ (4602/- രൂപ) ലഭ്യമായതിന്റെയടിസ്ഥാനത്തിൽ ആയത് അംഗീകരിച്ചുകൊണ്ട് ഉത്തരവിറക്കുകയുണ്ടായി. |
| (സി) | മൈക്രോസോഫ്റ്റിന്റെ വിൻഡോസ് 10 വാങ്ങുന്നതിന് സർക്കാർ വില നിശ്ചയിച്ചിട്ടുണ്ടോ; | | |

| | | | |
|---|---|---|---|
| (ഡി) | ഈ നയം മാറ്റം സ്വതന്ത്ര സോഫ്റ്റ് വെയറുകളുടെ ഉപയോഗത്തിൽ സംസ്ഥാനം കൈവരിച്ച മുന്നേറ്റങ്ങളെ പുറകോട്ടടിക്കുന്ന സാഹചര്യമുണ്ടാക്കി യിട്ടുണ്ടോ; വ്യക്തമാക്കാമോ? | (ഡി) | സ്വതന്ത്ര സോഫ്റ്റ് വെയർ സംബന്ധിച്ച ഐ.റ്റി നയത്തിൽ ഒരു മാറ്റവും വരുത്തിയിട്ടില്ല. |

Saju

**സെക്ഷൻ ഓഫീസർ**